**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1322** **30-08-2022 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ ടൂറിസം പദ്ധതി രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ പൊയിലൂർ പി.ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രത്തിൽ നിന്നും ആരംഭിച്ച് നരിക്കോട്മല, വാഴമല, വിമാനപ്പാറ, പഴശ്ശി കാനനപാത എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിനോദസഞ്ചാര ശൃംഖലയുടെ രൂപീകരണം സംബന്ധിച്ച നിലവിലെ പുരോഗതി വിശദീകരിക്കാമോ; | (എ) | **കൂത്തുപറമ്പ് മണ്ഡലത്തിലെ പൊയിലൂർ പി.ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രത്തിൽ നിന്നും ആരംഭിച്ച് നരിക്കോട്മല, വാഴമല, വിമാനപ്പാറ, പഴശ്ശി കാനനപാത എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിനോദസഞ്ചാര ശൃംഖലയുടെ രൂപീകരണം സംബന്ധിച്ച സംയുക്ത സ്ഥല പരിശോധന നടത്തുകയും ടൂറിസം സാധ്യതയുള്ള സ്ഥലമാണെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളുടെ വിശദമായ സ്ഥല സർവ്വേ നടത്തി ഉടമസ്ഥത അടയാളപ്പെടുത്തേണ്ടതുണ്ട്. വനം വകുപ്പിന്റെയും സ്വകാര്യവ്യക്തികളുടേയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണെന്ന് പ്രാഥമികമായി മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിന് മുൻപായി സ്ഥല ലഭ്യതയും ഉറപ്പാകേണ്ടതുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയിൽ വനം വകുപ്പ് തടസ്സം അറിയിച്ച പഴശ്ശി കാനനപാത ഒഴിവാക്കിക്കൊണ്ട് പദ്ധതി നടപ്പിലാക്കാൻ മുൻകയ്യെടുക്കുമോ; വിശദമാക്കുമോ; | (ബി) | **പഴശ്ശി കാനന പാതയാണ് ഈ വിനോദ സഞ്ചാര പദ്ധതിയുടെ പ്രധാന ആകർഷണം. എന്നിരുന്നാലും വനം വകുപ്പിന്റെ അനുമതി ലഭിച്ചില്ലെങ്കിൽ പഴശ്ശി കാനനപാത ഒഴിവാക്കിക്കൊണ്ടുള്ള പദ്ധതി പരിശോധിക്കാവുന്നതാണ്.** |
| (സി) | പ്രസ്തുത വിനോദസഞ്ചാര ശൃംഖല സംബന്ധിച്ച് മറ്റ് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | **സ്ഥല ലഭ്യത ഉറപ്പാക്കി, പ്രാഥമിക പഠനം നടത്തിയതിനുശേഷം മാത്രമേ പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ